# പതിമൂന്നാം കേരള നിയമസഭ

## (പതിനഞ്ചാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2010 07/12/2015-ൽ മറുപടിയ്ക്ക്**

## കൊണ്ടോട്ടി മത്സ്യമാർക്കറ്റിന്റെ നവീകരണം

| ചോദ്യം<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| എ) മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്. ഇതിന് കേന്ദ്ര ഫണ്ട് ലഭ്യമാണോ എന്ന് വിശദമാക്കുമോ; | എ) ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തുടനീളം ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. ഇതിന് ദേശീയ മത്സ്യ വികസന ബോർഡ് അംഗീകരിയ്ക്കുന്ന തുകയുടെ 90% സബ്സിഡിയായിരുന്നു. ഇപ്പോൾ ഈ സഹായം ദേശീയ മത്സ്യ വികസന ബോർഡ് 60 : 40 അനുപാതത്തിലാക്കി പുനഃക്രമീകരിച്ചിട്ടുണ്ട്. |
| ബി) ഇതിനകം സംസ്ഥാനത്ത് ഏതെല്ലാം മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | ബി) മേൽ പദ്ധതിയിലുൾപ്പെടുത്തി താഴെപ്പറയുന്ന മത്സ്യമാർക്കറ്റുകൾക്ക് ഫണ്ട് അനുവദിച്ചു. |

| ക്രമ നം | ഫിഷ്മാർക്കറ്റ് | അടങ്കൽ തുക (ലക്ഷത്തിൽ) | എൻ.എഫ്.ഡി.ബി. വിഹിതം (ലക്ഷത്തിൽ) | സംസ്ഥാന വിഹിതം (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | കുളത്തൂർ | 137.55 | 117.25 | 20.3 |
| 2 | ചിറയിൻകീഴ് | 190.05 | 159.05 | 31.00 |
| 3 | പാങ്ങോട് | 250.00 | 225.00 | 25.00 |
| 4 | പൂവച്ചൽ | 103.58 | 87.11 | 16.47 |
| 5 | കഴക്കൂട്ടം | 232.64 | 195.68 | 36.96 |
| 6 | നെടുമങ്ങാട് | 238.5 | 200.6 | 37.9 |
| 7 | വെഞ്ഞാറമൂട് | 237.04 | 199.38 | 37.66 |
| 8 | കോന്നി | 225.75 | 189.873 | 35.877 |
| 9 | പത്തനംതിട്ട | 250.00 | 225.00 | 25.00 |
| 10 | പാലമേൽ | 174.61 | 141.372 | 33.238 |
| 11 | ചെങ്ങന്നൂർ | 103.74 | 83.99 | 19.75 |
| 12 | കരുവാറ്റ | 196.53 | 159.12 | 37.41 |
| 13 | ഏറ്റുമാനൂർ | 345.49 | 225 | 120.49 |
| 14 | വൈക്കം | 162.24 | 146.02 | 16.22 |
| 15 | ചങ്ങനാശ്ശേരി | 357.76 | 225.00 | 132.76 |
| 16 | കോട്ടയം കോടിമാത | 240.27 | 202.00 | 38.27 |
| 17 | പള്ളുരുത്തി | 230.36 | 207.324 | 23.036 |
| 18 | നോർത്ത് പറവൂർ | 250.00 | 225.00 | 25.00 |
| 19 | ആലുവ | 250.00 | 225.00 | 25.00 |
| 20 | തേവര | 150.00 | 121.5 | 28.5 |

| | | | | |
|---|---|---|---|---|
| 21 | മൂവാറ്റുപുഴ | 160.00 | 130.5 | 29.5 |
| 22 | കാലടി | 239.77 | 201.67 | 38.1 |
| 23 | ഉദയംപേരൂർ | 125.62 | 105.66 | 19.96 |
| 24 | മുളംതുരുത്തി | 123.41 | 103.81 | 19.6 |
| 25 | കുമിളി | 119.71 | 90.00 | 29.71 |
| 26 | തൊടുപുഴ | 161.2 | 135 | 26.20 |
| 27 | മാള | 70.72 | 63.65 | 7.07 |
| 28 | വടക്കാഞ്ചേരി | 103.45 | 87.00 | 16.45 |
| 29 | ഇരിഞ്ഞാല ക്കുട | 250.00 | 225.00 | 25.00 |
| 30 | പട്ടാമ്പി | 237.82 | 200 | 37.82 |
| 31 | നിലമ്പൂർ | 151.32 | 136.188 | 15.132 |
| 32 | വണ്ടൂർ | 112.31 | 90.00 | 22.31 |
| 33 | കൽപ്പറ്റ | 148.72 | 133.848 | 14.872 |
| 34 | സുൽത്താൻ ബത്തേരി | 196.56 | 171.00 | 25.56 |
| 35 | പയ്യോളി | 115.63 | 90.00 | 25.63 |
| 36 | തലശ്ശേരി | 250.00 | 225.00 | 25.00 |
| 37 | കണ്ണൂർ | 250.00 | 225.00 | 25.00 |
| 38 | കാസർഗോഡ് | 250.00 | 225.00 | 25.00 |
| 39 | പൈക | 80.26 | 67.51 | 12.75 |

സി) കൊണ്ടോട്ടിയിലെ മത്സ്യമാർക്കറ്റ് നവീകരണത്തിന് വേണ്ടി സമർപ്പിച്ച അപേക്ഷയിൻമേൽ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന ആധുനിക ശുചിത്വ മത്സ്യമാർക്കറ്റ് നിർമ്മാണം നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ അംഗീകാരം ലഭിച്ചതിനുശേഷമാണ് ആരംഭിക്കുന്നത്. ഇതുപ്രകാരം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സമർപ്പിച്ച 12 മത്സ്യമാർക്കറ്റുകൾക്ക് നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ അംഗീകാരം ഇതുവരേയും ലഭിച്ചിട്ടില്ല. പ്രസ്തുത മാർക്കറ്റുകൾക്ക് അംഗീകാരം ലഭിച്ച ശേഷം മാത്രമേ പുതിയ പ്രൊപ്പോസലുകൾ സമർപ്പിക്കുവാൻ സാധിക്കുകയുള്ളു. ആയതിനാൽ പുതിയ പ്രൊപ്പോസൽ സമർപ്പിക്കുന്ന സമയം കൊണ്ടോട്ടി മാർക്കറ്റിന്റെ കാര്യവും പരിഗണിക്കുന്നതാണ്.

**സെക്ഷൻ ആഫീസർ**